ശ്രീ. പി.ജെ. ജോസഫ് : യെസ് സാർ, അങ്ങനെ ആയിക്കോട്ടെ.

പ്രൊഫ.സാവിത്രി ലക്ഷ്മണൻ : ഡി.പി. ഇ.പി. യോട് തത്വത്തിൽ ഒരു വിയോജിപ്പും പ്രതിപക്ഷത്തിനില്ല. യു.ഡി.എഫ് ഗവൺമെന്റാണ് ഡി.പി. ഇ. പി. ആവിഷ്കരിച്ചതുതന്നെ. പിന്നെ എങ്ങനെയാണ് ഞങ്ങൾക്ക് വിയോജിക്കാൻ സാധിക്കുന്നത്? പക്ഷെ പുറത്തു കാണിക്കേണ്ട റിപ്പോർട്ടുകൾ പൂഴ്ത്തിവയ്ക്കുന്നതിനെക്കുറിച്ചാണ് ഞങ്ങൾക്ക് എതിർപ്പുള്ളത്. എല്ലാം സുതാര്യമായിരിക്കണം എന്നുള്ള ഒരു അഭിപ്രായം ഉണ്ടല്ലോ. അതിനോട് ചേർന്നു നിന്നുകൊണ്ടാണ് ഞാനിവിടെ സംസാരിച്ചത്. അതുകൊണ്ട് ചോദിക്കുകയാണ് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ അങ്ങ് ഉറപ്പുനൽകിയതുപോലെ ഈ ബന്ധപ്പെട്ട പഠന കരിക്കുലം അപ്രോച്ച് പേപ്പറിന്റെയും ഒക്കെ കോപ്പി കൂടി ഒന്ന് കാണിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഡി.പി. ഇ.പി യുടെ വിശദമായിട്ടുള്ള നടത്തിപ്പിനെ സംബന്ധിച്ച രേഖകൾ ആ സഭ പിരിയുന്നതിന് മുമ്പുതന്നെ എല്ലാ മെമ്പർമാർക്കും എത്തിച്ചുകൊടുക്കുകയും ചെയ്തു. ഒന്നും രഹസ്യമായി വയ്ക്കണമെന്ന് ഗവൺമെന്റിന് ഒരു താല്പര്യവുമില്ല. റിലവന്റ് ആയിട്ടുള്ള കാര്യങ്ങൾ മാത്രമേ അറിയിക്കേണ്ടതായിട്ടുള്ളു. ഇതു സംബന്ധിച്ചുള്ള വിശദമായ രേഖകൾ അന്ന് നൽകുകയും ചെയ്തു. അത്യാവശ്യമുള്ള കാര്യങ്ങൾ ഇനിയും നൽകാൻ തയാറാണ്.

(2) പത്രപ്രവർത്തകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. പി.സി. ജോർജ് : സർ, കേരളത്തിലെ പത്ര ജീവനക്കാർ നേരിടുന്ന ചില ഗുരുതരമായ പ്രശ്നത്തിലേക്കാണ് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. പത്ര പ്രവർത്തനമെന്നുവെച്ചാൽ നിങ്ങൾക്ക് ഒരു സംശയമുണ്ട്. മലബാർ ഇന്ത്യ പബ്ലിക്കേഷൻ എന്നൊരു പത്രസ്ഥാപനം ഉണ്ട്. അവിടത്തെ തൊഴിലാളികൾ മുഴുവനും എന്റെ യൂണിയനിൽപ്പെട്ടവരാണ്. പത്ര പ്രവർത്തകരുടെ പ്രശ്നങ്ങളാണ് ഞാൻ ഉന്നയിക്കുന്നത്. നിയമസഭ ഇത് ചർച്ച ചെയ്യുകയും കക്ഷി ഭേദമന്യേ ഉത്കണ്ഠ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പത്ര പ്രവർത്തനത്തിൽ ലഭിക്കുന്ന വേതനത്തെ സംബന്ധിച്ച് വളരെ തെറ്റായ ഒരു ധാരണയാണ് സത്യത്തിൽ ഇന്ന് നിലവിലുള്ളത്. മാസവേതനം എത്ര കിട്ടുമെന്നു തുറന്നുപറയാൻപോലും യഥാർത്ഥത്തിൽ കഴിയാതെ സംതൃപ്തിയുടേയും ഉന്നത സാമൂഹ്യ പദവികളുടേയും മുഖം മൂടികളുമായിട്ടാണ് നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം പത്രപ്രവർത്തകരും ജീവിക്കുന്നത്. മാധ്യമരംഗത്ത് ജോലിചെയ്യുന്ന ഏറെ പേരുടെ വേതനം വളരെ തുച്ഛമാണ്. യഥാർത്ഥത്തിൽ 1995-ലെ വർക്കിംഗ് ജേർണലിസ്റ്റ് ആന്റ് ന്യൂസ് പേപ്പർ എംപ്ലോയീസ് ആക്ട് പ്രകാരം രൂപീകരിക്കുന്ന വേജ് ബോർഡ് വേതന ഘടന പ്രഖ്യാപിച്ചാൽ തൊഴിലുടമകൾ അത് സ്വീകരിക്കാൻ ബാദ്ധ്യസ്ഥരാണ്. ഉത്തരവ് നടപ്പിലാക്കാതിരിക്കുന്നത് കുറ്റകരമാണ്. ശിക്ഷ ചെറുതാണെന്നുള്ള സത്യം നമുക്കറിയാം. എങ്കിലും കുറ്റം കുറ്റമല്ലാതാകുകയില്ലല്ലോ. ഈ അർത്ഥത്തിൽ ഭൂരിപക്ഷം പത്രസ്ഥാപനങ്ങളും കുറ്റവാളികളാണ് എന്നതാണ് സത്യം. കേരളത്തിലെ പത്രപ്രവർത്തകരിൽ ഭൂരിപക്ഷത്തിനും മുമ്പ് ഉണ്ടായിരുന്ന വേജ് ബോർഡ് ശുപാർശയനുസരിച്ചുള്ള ശമ്പളം കിട്ടുന്നില്ലയെന്നതാണ് സത്യം. ആദ്യത്തെ വേജ് ബോർഡായിട്ടുള്ള എച്ച്. വി. ഡേവേറ്റിയ വേജ് ബോർഡ് റിപ്പോർട്ട് 1957 മേയിലാണ് സമർപ്പിച്ചത്. ആ കാലത്ത് അതിന്റെ ആനുകൂല്യം ഭൂരിപക്ഷം പത്രപ്രവർത്തകർക്കും ലഭിച്ചിരുന്നു എന്നു

LIBRARY ARCHIVES Kerala Legislative Assembly

ള്ളതാണ് സത്യം. 1963-ൽ രൂപീകരിക്കപ്പെട്ട ജസ്റ്റീസ് സിൻഹയുടെ നേതൃത്വത്തിലുള്ള 2-ാം വേജ് റിപ്പോർട്ട് നൽകിയത് 1967 ഒക്ടോബറിലാണ്. 1975- ൽ രൂപം കൊണ്ട പലേക്കറുടെ നേതൃത്വത്തിലുള്ള 3-ാം വേജ് റിപ്പോർട്ട് സമർപ്പിച്ചത് 1980 ആഗസ്റ്റിലാണ്. 1985 ആഗസ്റ്റ് 31-ന് റിപ്പോർട്ട് സമർപ്പിച്ച ജസ്റ്റീസ് ബച്ചാവത്ത് ചെയർമാൻ ആയിട്ടുള്ള 4-ാം വേജ് ബോർഡ് ശുപാർശ ചെയ്ത ശമ്പള ഘടനയാണ് ഇപ്പോഴും നിലവിലുള്ളത്. 1994 സെപ്റ്റംബർ 2-ന് രൂപീകരിച്ച ജസ്റ്റീസ് രാജ്കുമാർ മാനിസാനാ വേജ് ബോർഡ് റിപ്പോർട്ട സമർപ്പിക്കുമെന്ന് പറഞ്ഞത് കാലാവധി അനന്തമായി നീട്ടിക്കൊണ്ടുപോവുകയാണ്. ഇതുവരെ കേന്ദ്രത്തിൽ മൂന്നു സർക്കാർ മാറിമാറി വന്നിട്ടും റിപ്പോർട്ടൊന്നും സ്വീകരിക്കുവാനോ നടപ്പിലാക്കുവാനോ ഒന്നും ചെയ്യാൻ തയ്യാറായില്ല. 1998 ഒക്ടോബറിൽ മാനിസാനാ വേജ് ബോർഡ് തെരഞ്ഞെടുപ്പു പൂർത്തിയായി. പക്ഷെ റിപ്പോർട്ട് എന്ന് നൽകും എന്നുള്ളതിനെ സംബന്ധിച്ച് അനിശ്ചിതത്വം ഇപ്പോഴും തുടരുകയാണ്. അവസാന സിറ്റിംഗ് എന്നു പറഞ്ഞ് പല തവണ സിറ്റിംഗ് നടത്തി. പക്ഷേ ബോർഡ് റിപ്പോർട്ട് വൈകിക്കാൻ നിരന്തരമായ ശ്രമം നടത്തിയ മാനേജുമെന്റുകളുടേയും പത്ര ഉടമസ്ഥ സംഘടനകളുടേയും താല്പര്യം സംരക്ഷിക്കുകയാണ്. മാനിസാനബോർഡ് റിപ്പോർട്ട് വൈകുന്നതിനാൽ 2-ാം ഇടക്കാലാശ്വാസം വേണമെന്ന ആവശ്യം ഇന്നുവരെ നടപ്പായിട്ടില്ല. 1999 മേയ് 3-ന് മാനിസാനാ ബോർഡ് പരിഗണിച്ച വർക്കിംഗ് പ്രൊപ്പോസൽ പുറത്തുവന്നിട്ടുണ്ട്. അതുപ്രകാരം 10 വർഷത്തിനുശേഷം നൽകുന്ന ഈ ശമ്പള പരിഷ്കരണ ശുപാർശ മല എലിയെ പ്രസവിച്ചതു പോലെയായി എന്നതാണ് സത്യം. വേതന ഘടനയിലും മറ്റ് ആനുകൂല്യങ്ങളിലും കാലാനുസൃതമായി വർദ്ധനവില്ല. യഥാർത്ഥത്തിൽ പുതിയ ബോർഡിന്റെ വർക്കിംഗ് പ്രൊപ്പോസൽ ഇല്ല എന്നതാണ് സത്യം. ചില വൻകിട പ്രത്രസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ ഇപ്പോൾ വാങ്ങുന്ന വേതനത്തിൽ നിന്ന് പണം തിരിയെ കൊടുക്കേണ്ട സാഹചര്യം ഉണ്ടാകാൻ പോവുകയാണ്. ന്യൂസ് പ്രിന്റ് വില കൂടുമെന്നും പരസ്യ വരുമാനം കുറയുന്നുവെന്നുള്ളതും പത്ര ഉടമസ്ഥരുടെ സ്ഥിരം പരാതിയാണ്. ഇതിൽ വാസ്തവം ഉണ്ടെങ്കിലും മാന്യമായി വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകാൻ ഒട്ടുമുക്കാൽ പത്ര മാനേജുമെന്റുകൾക്കും ശേഷിയുണ്ടെന്നുള്ളത് സത്യമാണ്. പത്രങ്ങളുടെ പ്രത്യേക പദവി ഉപയോഗപ്പെടുത്തി വ്യവസായ താൽപര്യങ്ങൾ സംരക്ഷിക്കുന്നവരുടെ കൈകളിൽ പൗരസ്വാതന്ത്ര്യം അപകടത്തിലാണ്. കഴിഞ്ഞ ദശകത്തിൽ പത്ര വ്യവസായം വൻ ലാഭമാണ് ഉണ്ടാക്കിയിട്ടുള്ളത്. കമ്പനികൾ വേജ് ബോർഡിനു മുമ്പാകെ സമർപ്പിച്ച ബാലൻസ്ഷീറ്റുകളിൽനിന്ന് ഈ കാര്യം വ്യക്തമായി മനസ്സിലാകും. ഉദാരവൽക്കരണവും ആഗോളവൽക്കരണവും വന്നതോടെ ഇന്ത്യയിൽ തൊഴിൽ നിയമങ്ങൾക്കൊന്നും പ്രസക്തിയില്ല എന്ന മട്ടിലുള്ള പത്ര ഉടമസ്ഥ സമീപനം ശരിയല്ല. ബാലൻസ്ഷീറ്റിൽ കാണിക്കുന്ന വാർഷിക ടേൺ ഓവറിന്റെ അടിസ്ഥാനത്തിലാണ് പത്രസ്ഥാപനങ്ങൾ ക്ളാസിഫൈ ചെയ്യുന്നത്. ഈ ക്ളാസിഫിക്കേഷന്റെ അടിസ്ഥാനത്തിലാണ് വേജ് ബോർഡ് ശമ്പള ഘടന നിശ്ചയിച്ചിട്ടുള്ളത്. ചില മാനേജുമെന്റുകൾക്ക് മൂന്നും നാലും തരം കണക്കുബുക്കുകൾ ഉണ്ട്. ചില മാനേജുമെന്റുകൾ അടുത്ത കാലത്ത് മൂന്നും നാലും സ്വതന്ത്ര യൂണിറ്റുകളായി വിഭജിച്ചിരിക്കുകയാണ്. തൊഴിലാളികളെ വഞ്ചിക്കാനുള്ള ഈ തട്ടിപ്പ് അനുവദിച്ചുകൂടാ. പത്രത്തിലെ തന്നെ വിവിധ സ്വതന്ത്ര യൂണിറ്റുകൾ ഒരൊറ്റ സ്ഥാപനമായി പരിഗണിച്ച് മൊത്തവരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്ളാസിഫൈ ചെയ്യാനുള്ള ഫോർമുല സ്വീകരിക്കേണ്ടതാണ് എന്നാണ് എന്റെ അഭിപ്രായം. ഭവനനിർമ്മാണം ക്ഷേമ

LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ, യാത്രാ സൗജന്യം, ചികിത്സാ സൗകര്യം ഇവയെല്ലാം നമ്മുടെ സർക്കാരാണ് നൽകുന്നത്. പത്ര പ്രവർത്തക യൂണിയനാണ് അത് നിർവ്വഹിക്കുന്നത്. തൊഴിൽ ചെയ്യാനുള്ള സൗകര്യത്തിനാണ് പ്രസ്സ് ക്ളബ്ബുകൾ, ഇതിനൊന്നും പത്ര മുതലാളിമാർക്ക് പൈസയുടെ സാമ്പത്തിക ബുദ്ധിമുട്ടുണ്ടാകുന്നില്ല. എന്നിട്ടും തൊഴിലാളികൾക്ക് ഭേദപ്പെട്ട ശമ്പളംപോലും കൊടുക്കാതിരിക്കുന്നത് കഷ്ടമാണ്. ഉദ്യോഗസ്ഥന്മാർക്ക് കൈക്കൂലിയും വി.ഐ.പി. കൾക്ക് ഗിഫ്റ്റുകളും കൊടുക്കാൻ എത്ര പണം വേണമെങ്കിലും ചെലവഴിക്കാൻ മടിക്കാത്ത പത്ര മുതലാളിമാർ എന്തുകൊണ്ട് തൊഴിലാളികളോട് ഇങ്ങനെ പെരുമാറുന്നുവെന്ന് മനസ്സിലാകുന്നില്ല. ജീവിക്കാനുള്ള ശമ്പളം കൊടുക്കില്ലയെന്ന പിടിവാശി ഉപേക്ഷിച്ചേ മതിയാകൂ. ഇത്ര അനീതി നടക്കുന്ന വ്യവസായം തൊഴിൽ മേഖലയിൽ വേറെയുണ്ടോയെന്ന് സത്യത്തിൽ സംശയമുണ്ട്. പത്ര സ്ഥാപനം എന്നാൽ ദിനപത്രങ്ങൾ മാത്രമല്ല, വർക്കിംഗ് ജേർണലിസ്റ്റ് ആക്ട് അനുസരിച്ച് വാർത്തകൾ അടക്കമുള്ള വാരികകളും മറ്റു പബ്ളിക്കേഷനും പത്ര സ്ഥാപനത്തിന്റെ നിർവ്വചനത്തിൽപ്പെടും. ദൃശ്യമാധ്യമത്തിൽ വർക്ക് ചെയ്യുന്നവരെ കൂടി അടിയന്തിരമായി വർക്കിംഗ് ജേർണലിസ്റ്റ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവരണം എന്നാണ് എന്റെ അഭിപ്രായം. സ്വകാര്യ മേഖലയിലെ കോടിക്കണക്കിന് തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളെ ബാധിക്കുന്ന നിരവധി കേന്ദ്ര നിയമങ്ങളുണ്ട്. വ്യവസായ തർക്ക നിയമം 1947, മിനിമം വേജസ് ആക്ട് -1948, ഇ.എസ്.ഐ ആക്ട് - 1972, ബോണസ് ആക്ട് - 1955, ഗ്രാറ്റിവിറ്റി ആക്ട് - 1972, ട്രേഡ് യൂണിയൻ ആക്ട് - 1976 തുടങ്ങിയവ. ഇവയെല്ലാം പത്ര ജീവനക്കാർക്കും ബാധകമാണ്. ഇതിനു പുറമേയാണ് വേജ് ബോർഡ്. പക്ഷെ ഈ നിയമങ്ങളെല്ലാം ചില പത്ര മാനേജുമെന്റുകൾ നഗ്നമായി ലംഘിക്കുകയാണ്. ഇതിന് നമ്മുടെ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ കൂട്ടുനിൽക്കുന്നു എനിക്ക് അതിൽ പരാതിയില്ല. വർക്കിംഗ് ജേർണലിസ്റ്റ് ആക്ടിൽ ഇല്ലാത്ത പാർട്ട് ടൈം, കരാർ ഏർപ്പാടുകളിലാണ് ഇപ്പോൾ പലയിടത്തും പത്രക്കാർ ജോലി ചെയ്യുന്നത്. ചിലയിടത്ത് അതിന്റെ യാതൊരു രേഖയുമില്ലാതെ 10-ഉം 12- ഉം വർഷം ജോലി ചെയ്തിച്ച ശേഷമാണ് രജിസ്റ്ററിൽ പോലും പേര് ചേർക്കുന്നത്. അവർക്ക് അപ്പോയിന്റുമെന്റ് ഓർഡറോ, കൺഫർമേഷൻ ലറ്ററോ, പ്രൊമോഷനോ, ഗ്രേഡോ, ഇ.എസ്.ഐ. യോ, എച്ച്.ആർ.എ. യോ മറ്റ് ആനുകൂല്യങ്ങളോ നൽകാതെ അടിമകളെപ്പോലെ പണി ചെയ്യിക്കുന്ന സ്ഥാപനങ്ങളും കേരളത്തിലുണ്ട്. തുച്ഛമായ മാസശമ്പളത്തിൽ ജോലി ചെയ്യുന്നവർക്ക് തങ്ങളുടെ തസ്തിക എന്താണെന്ന് പോലും അറിയാൻ മാർഗ്ഗമില്ല. സ്വന്തമായി സ്റ്റാന്റിംഗ്പോലുമില്ലാത്ത ഈ പത്ര സ്ഥാപന ഉടമകൾ ഔദാര്യം പോലെ നൽകുന്നത് വാങ്ങാൻ നിർബന്ധിതരാകുകയാണ് നമ്മുടെ പത്രക്കാർ. യൂണിയനിൽ ചേരുന്നതോ യൂണിയനല്ലാത്ത സംഘടനകളിൽ ചേരുന്നതോ പോയിട്ട് കൂട്ടം ചേരാൻ പോലും അനുവദിക്കാത്ത മാനേജുമെന്റുകൾ ഈ കൂട്ടത്തിലുണ്ട്. നിയമപരമായ വേദികളിൽ തങ്ങളുടെ പ്രശ്നങ്ങൾ ഉന്നയിക്കുന്ന പത്ര പ്രവർത്തകരെ സ്ഥലം മാറ്റിയും സസ്പെന്റു ചെയ്തും പിരിച്ചുവിട്ടും ചില സ്ഥാപനങ്ങൾ ദ്രോഹിക്കുകയാണ്. ഇത് ഗുരുതരമായ മനുഷ്യാവകാശ ലംഘനമാണ്. 1989 മേയിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഏറ്റവും താഴെക്കിടയിലുള്ള അതായത് പ്രതിവർഷം 25 ലക്ഷത്തിനു താഴെ മാത്രം വരുമാനമുള്ള സ്ഥാപനത്തിലെ റിപ്പോർട്ടർക്ക് അന്നത്തെ ശുപാർശ പ്രകാരം തന്നെ 1200 രൂപ അടിസ്ഥാന ശമ്പളവും 50 രൂപ ഇൻക്രിമെന്റും നൽകേണ്ടതുണ്ട്. എന്നാൽ ഇത്രയും ശമ്പളം പോലും കിട്ടാത്ത പത്രപ്രവർത്തകർ ഉണ്ട്. സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന ക്ഷേമ പെൻഷൻ പദ്ധതിയിൽ അപാകതകൾ ഒരുപാടുണ്ട്. ഇത് പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ രൂപീകരിച്ച സബ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ട് ഏറെ നാളുകളായി . പെൻഷൻ മാനേജിംഗ് കമ്മിറ്റി കൂടി ക്ഷേമ പെൻഷൻ പദ്ധതി അംഗീകരിക്കാൻ വൈകിക്കുകയാണ്. വേജ് ബോർഡ് രൂപീകരിച്ച് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കൽ മാത്രമാണ് കേന്ദ്രത്തിന്റെ അധികാരത്തിൽ വരുന്നത്. റിപ്പോർട്ട് നടപ്പാക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടത് സംസ്ഥാനങ്ങളുടെ ചുമതലയാണ്. അക്കാര്യത്തിൽ ഗവൺമെന്റു സത്വരമായ നടപടി സ്വീകരിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

[10 AM] മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, മാധ്യമരംഗത്ത് ജോലി ചെയ്യുന്നവരെ സംബന്ധിക്കുന്ന പ്രശ്നങ്ങളാണ് ഈ പ്രമേയത്തിലൂടെ ഉന്നയിച്ചിട്ടുള്ളത്. വേതനം വളരെ തുച്ഛമാണെന്ന വിലയിരുത്തൽ വിശദമായി പരിശോധിക്കേണ്ടതാണ്. പ്രധാനപ്പെട്ട പത്ര സ്ഥാപനങ്ങളിൽ പണി എടുക്കുന്ന ജീവനക്കാർക്ക് ബച്ചാവത്ത് വേജ് ബോർഡ് ശുപാർശ പ്രകാരമുള്ള വേതനം നൽകി വരുന്നുണ്ട്. എന്നാൽ ചില പത്രസ്ഥാപനങ്ങളിൽ ബച്ചാവത്ത് വേജ് ബോർഡ് ശുപാർശ ചെയ്തിട്ടുള്ള വേതനം നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പത്ര സ്ഥാപനത്തിന്റെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളെ പല വിഭാഗങ്ങളിലായി തരംതിരിച്ചാണ് ജീവനക്കാർക്ക് വേതനം നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ നിയമ വ്യവസ്ഥകളെ മറികടക്കുന്ന രീതിയിൽ ചില തൊഴിൽ ഉടമകൾ സ്ഥാപനങ്ങളെ വ്യത്യസ്ത സ്ഥാപനങ്ങളായി തരംതിരിക്കുന്ന പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളപ്പോൾ തൊഴിൽവകുപ്പിൽനിന്ന് സ്ഥാപന ഉടമകൾക്കെതിരെ നിയമപരമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പത്ര സ്ഥാപനങ്ങളിൽ ന്യൂസ് പേപ്പർ ഇൻസ്പെക്ടർ പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു. 1.സിറാജ് ഡെയിലി, 2. മംഗളം പബ്ലിക്കേഷൻസ്, 3. കേരള ശബ്ദം, വനിത. ദൃശ്യ മാധ്യമങ്ങളിൽ പണിയെടുക്കുന്ന ജീവനക്കാർ വർക്കിംഗ് ജേർണലിസ്റ്റിന്റെ പരിധിയിൽ ഇപ്പോൾ വരുന്നില്ല. ഇക്കാര്യം പരിശോധിക്കാവുന്നതാണ്. കൂടാതെ വ്യവസായ തർക്ക നിയമം, ബോണസ് നിയമം, ട്രേഡ് യൂണിയൻ നിയമം, ഗ്രാറ്റുവിറ്റി നിയമം തുടങ്ങിയവ പത്ര ജീവനക്കാർക്ക് ബാധകമാണ്. ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുവാൻ തൊഴിൽ ഉടമകൾ വിമുഖത കാണിക്കുകയാണെങ്കിൽ തൊഴിൽ വകുപ്പ് ഇതിൽ ഇടപെടുന്നതാണ്. പത്ര സ്ഥാപനങ്ങളിൽ പാർട്ട് ടൈം ആയും കരാർ വ്യവസ്ഥയിലും പണി എടുക്കുന്ന തൊഴിലാളികളെ ചൂഷണം ചെയ്യുന്നതായി പരാതി ലഭിച്ചാൽ പരിശോധന നടത്തി യഥാസമയം നടപടി സ്വീകരിക്കുന്നതാണ്. വേജ് ബോർഡ് രൂപീകരിക്കുന്നതിന്റെ വിജ്ഞാപനം പുറപ്പെടുവിക്കുന്ന കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതാണ്. ഈ സാഹചര്യത്തിൽ ജസ്റ്റീസ് രാജ്കുമാർ മാൻസാനൻ സിംഗ് വേജ് ബോർഡ് ശുപാർശകൾ വരുന്ന മുറയ്ക്ക് ഇതിൻമേലുള്ള അപാകതകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം തേടുന്നതാണ്. വേതനം നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം വന്നാൽ ഉടൻതന്നെ ഇത് കേരളത്തിലെ പത്രസ്ഥാപനങ്ങളിൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സർക്കാർ മുൻകൈ എടുക്കുന്നതാണ്. വേജ് ബോർഡ് റിപ്പോർട്ട് വേഗത്തിലാക്കുന്നതിന് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ കത്ത് അയച്ചിട്ടുണ്ട്, വിവരം അറിയിച്ചിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.സി. ജോർജ് : സർ, സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ക്ഷേമ പെൻഷൻ പദ്ധതിയിലെ അപാകതകൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ രൂപീകരിച്ച സബ്കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ട് ഏറെ നാളായി. പെൻഷൻ മാനേജിംഗ് കമ്മിറ്റി കൂടി അത് നിശ്ചയിച്ചിട്ടില്ല. ആ മാനേജിംഗ് കമ്മിറ്റി എത്രയും വേഗം കൂടാനുള്ള നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്വീകരിക്കാം.

III. സബ്മിഷൻ

(1) മലപ്പുറം ജില്ലയിലെ ഒതളൂരിലെ കോൺഗ്രസ് ഓഫീസ് തകർക്കപ്പെട്ടത് സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, മലപ്പുറം ജില്ലയിലെ പൊന്നാനി നിയോജകമണ്ഡലത്തിൽ ആലംകോട് പഞ്ചായത്തിലെ ഒതളൂർ എന്നുപറയുന്ന സ്ഥലത്തെ കോൺഗ്രസ് ഓഫീസ് ഏതാനും മാർക്സിസ്റ്റുകാർ അടിച്ചു പൊളിച്ച് തകർത്തു. ആ ഓഫീസിൽ ഉണ്ടായിരുന്ന മഹാത്മാ ഗാന്ധിയുടേയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെയും ശ്രീമതി ഇന്ദിരാഗാന്ധിയുടേയും ശ്രീ. രാജീവ് ഗാന്ധിയുടേയും എല്ലാം ഫോട്ടോ അവർ അടിച്ചുനശിപ്പിച്ചു. ആ കെട്ടിടത്തിന്റെ വാതിലും ജനലുമെല്ലാം അടിച്ചു തകർത്തു. അതിനകത്തുണ്ടായിരുന്ന കോൺഗ്രസ് പ്രവർത്തകരേയും അവർ മർദ്ദിച്ചു. ഇതുകഴിഞ്ഞ് ഉടൻതന്നെ തൊട്ടടുത്തുള്ള മാർക്സിസ്റ്റു പാർട്ടി ഓഫീസിൽ അവർ ചെന്ന് അതിന്റെ രണ്ടു ഗ്ലാസ്സും അടിച്ചുപൊളിച്ചു. കോൺഗ്രസുകാരുടെ പേരിൽ കള്ളകേസ് ഉണ്ടാക്കാൻ വേണ്ടി. എന്നിട്ട് ഇതിന്റെ പേരിൽ ശങ്കരംകുളം പോലീസ് കേസ്സ് എടുത്തു. ആ കേസിൽ 107/99 ക്രൈം നമ്പരായി കോൺഗ്രാസുകാരുടെ പേരിൽ എടുത്ത കേസ്സ് സെക്ഷൻ 143, 147, 148, 452, 427, 323, 324 എന്നിവ പ്രകാരമാണ്. കോൺഗ്രസ് ഓഫീസിൽ കയറി അടിച്ചുപൊളിച്ച് ഇവർ തന്നെ കോൺഗ്രസുകാരുടെ പേരിൽ കേസ് ഉണ്ടാക്കാൻ മറുഭാഗത്ത് ചെയ്തതിന് സെക്ഷൻ 452 വച്ചിരിക്കുകയാണ്. 452 വച്ചതിന്റെ ഉദ്ദേശം എന്താണ്, 452 വച്ചാൽ ഇവർക്ക് ജാമ്യം കിട്ടില്ല. കോൺഗ്രസുകാർക്ക് ജാമ്യം കിട്ടാതിരിക്കാൻ വേണ്ടി സി.പി.ഐ (എം) അവരുടെ ഓഫീസും പൊളിച്ചിട്ട് മാർക്സിസ്റ്റ് പാർട്ടി ഓഫീസ് പൊളിച്ചു എന്നു പറഞ്ഞുകൊണ്ട് ജാമ്യം കിട്ടാത്ത സെക്ഷൻ ശങ്കരംകുളം പോലീസ് ഇട്ടിരിക്കുകയാണ്. അതേ അവസരത്തിൽ സി.പി.ഐ. കാരുടെ പേരിലും ക്രൈം 106/99 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആ കേസിൽ എടുത്ത സെക്ഷൻ എന്താണ്? ആ കേസിൽ എടുത്തത് 448,427,323,324 എല്ലാം ജാമ്യം കിട്ടുന്ന സെക്ഷൻ. ഇത് എന്തു ന്യായമാണ് മുഖ്യമന്ത്രി. ഞങ്ങളുടെ ഓഫീസിൽ കയറി അടിച്ചു പൊളിച്ച് തകർത്ത് ഞങ്ങളുടെ നേതാക്കൻമാരുടെ ഫോട്ടോ ചവിട്ടി തകർത്തിട്ട് അതിന് ഞങ്ങളുടെ പേരിൽ 452. എന്തുകൊണ്ട് അവിടെ ഹൗസ് ബ്രേക്കിംഗിന് സി.പി.ഐ(എം) ന്റെ പേരിൽ കേസ് എടുത്തില്ല? ഞാൻ ആ കാര്യം മാത്രമേ പറയുന്നുള്ളൂ. ഇത് ചെയ്തത് ആരാണ്? ബഹുമാനപ്പെട്ട പൊന്നാനി എം.എൽ.എ. യ്ക്ക് അറിയാം. ആ നിയോജകമണ്ഡലത്തിൽ ഈ പറയുന്ന സ്ഥലത്ത്, കഴിഞ്ഞ ഒരു കൊല്ലം മുമ്പ്, നിങ്ങൾ അധികാരത്തിൽ വന്നതിനു ശേഷം, ഒരു മുസ്ലീം യൂത്ത് ലീഗ് പ്രവർത്തകനായ റഹിമിനെ മാർക്സിസ്റ്റുകാർ കഷണം കഷണമാക്കി വെട്ടിക്കൊന്നു. രാഷ്ട്രീയ കൊലപാതകമാണ്. ആ കേസിലെ പ്രതികളാണ് ഇതിന്റെ പിറകിലുള്ള ആളുകൾ. മുരളി എന്നുപ

LIBRARY ARCHIVES Kerala Legislative Assembly